മാതൃഭൂമി
നഗരം
കൊച്ചിയുടെ സ്പന്ദനം

# നീര

**നാളികേരത്തിൻെറ നാട്ടിൽ ഇനി നീരയുടെ കാലം... പാനീയമായും മധുരപലഹാരങ്ങളായും നീര കേരള വിപണിയിൽ എത്തിക്കഴിഞ്ഞു**

പാർവതി കൃഷ്ണ

പല ഘട്ടത്തിലും ചുവന്ന ചരടിൽ കുരുങ്ങിയ നീരയ്ക്ക് ഒടുവിൽ പച്ചക്കൊടി.. നാളികേരത്തിൻെറ നാട്ടിൽ ഇനി നീരയുടെ കാലം.. പാനീയമായും മധുര പലഹാരങ്ങളായും വിഷമയമല്ലാത്ത സോഫ്റ്റ് ഡ്രിങ്കായും 'നീര' കേരള വിപണിയിൽ എത്തിക്കഴിഞ്ഞു. ഉത്പാദനത്തിൻെറ പ്രാരംഭഘട്ടത്തിൽപ്പോലും വളരെ വലിയ സ്വാഗതമാണ് നീരയ്ക്ക് ലഭിക്കുന്നത്. പ്രദർശന മേളകളും നാളികേര ബോർഡിൻെറ നാഫെഡ് ഔട്ട്‌ലെറ്റുകളുമാണ് ഇപ്പോൾ നീരയെ വിപണിയിലെത്തിക്കുന്നത്.

2005 മുതൽ നാളികേര വികസന ബോർഡ് നീരയ്ക്കായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ബാലാരിഷ്ടതകൾ താണ്ടി നീര ഇന്ന് ഉത്പാദനത്തിലേക്കെത്തിയെങ്കിൽ അതിനു പിന്നിൽ ബോർഡിൻെറയും 'തെങ്ങിൻെറ കൂട്ടുകാരു'ടെയും നിരന്തര പരിശ്രമമുണ്ട്. നീരയുടെ സാമ്പത്തിക സാധ്യതകളെക്കുറിച്ച് സംസ്ഥാന ആസൂത്രണ കമ്മിഷൻ വൈസ് ചെയർമാൻ ഡോ. കെ.എം. ചന്ദ്രശേഖരൻ പഠനം നടത്തിയിരുന്നു. അദ്ദേഹത്തിൻെറ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്തെ പത്ത് ശതമാനം തെങ്ങുകൾ നീര ഉത്പാദനത്തിന് ഉപയോഗിച്ചാൽ ഖജനാവിലേക്ക് എത്തുന്നത് 54,000 കോടി അധിക വരുമാനമാണ്. ഇതിലൂടെ പത്ത് ലക്ഷം നീര ടെക്നീഷ്യന്മാർക്ക് തൊഴിൽ സാധ്യതയും വരുമാന മാർഗത്തിൽ 13,500 കോടിയുമാണ് ലഭിക്കുക.

കേരളത്തിലെ പതിന്നാല് ജില്ലകളിലായി 309 നാളികേര ഫെഡറേഷനുകളാണുള്ളത്. അതിൽ 173 ഫെഡറേഷനുകൾക്ക് നീര ഉത്പാദനത്തിന് ലൈസൻസ് ലഭിച്ചു. ശേഷിക്കുന്ന 136 ഫെഡറേഷനുകൾക്ക് അടുത്തഘട്ടത്തിൽ അനുമതി നൽകും.

## സി.പി.എസും ഫെഡറേഷനും

നീര ഉത്പാദിപ്പിക്കുന്നതിന് തെങ്ങ് നൽകാൻ തയ്യാറുള്ള കർഷകരുടെ പ്രാദേശിക കൂട്ടായ്മയാണ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ എന്ന 'സി.പി.എസ്'. പത്ത് തെങ്ങുകളെങ്കിലും സ്വന്തമായുള്ളവർക്ക് സി.പി.എസ്സിൽ അംഗങ്ങളാവാം. നാല്പത് മുതൽ നൂറ് വരെ കർഷകരുള്ള സി.പി.എസുകൾ ഉണ്ട്. ഇത്തരത്തിൽ ഇരുപതോ ഇരുപത്തിയഞ്ചോ സി.പി.എസുകൾ ഉൾപ്പെട്ടതാണ് ഒരു ഫെഡറേഷൻ. പത്ത് ഫെഡറേഷനുകൾ ചേർന്നാണ് ഒരു കമ്പനി രൂപവത്കരിക്കുന്നത്. ഒരു കമ്പനിക്ക് കീഴിൽ ഒരുലക്ഷം തെങ്ങുകൾ വരെ ഉണ്ടാവാം. നിലവിൽ എക്സൈസ് വിഭാഗമാണ് നീരയ്ക്ക് അനുയോജ്യമായ തെങ്ങ് തിരഞ്ഞെടുക്കുന്നത്.

എറണാകുളത്ത് ഇതിനോടകം ഇരുന്നൂറിലധികം സി.പി.എസുകൾ ഉണ്ട്. സി.പി.എസ്സുകളുടെ എണ്ണം വർധിക്കുന്നുണ്ടെന്നും കണക്കുകൾ സൂചിപ്പിക്കുന്നു.

## സഹായങ്ങൾ

സർക്കാറിൽ നിന്ന് നീര കമ്പനികൾക്ക് വാഗ്ദാനം ചെയ്തിട്ടുള്ള ധനസഹായമായ 'സീഡ് മണി' യാണ് ഇനി നീരയ്ക്ക് കിട്ടാനുള്ള ഒരു സഹായം. നീര ഉത്പാദനത്തിൽ ഏറെ മുന്നിട്ട് നിൽക്കുന്ന കൈപ്പുഴ ബ്രാൻറിന് നാളികേര വികസന ബോർഡ് ഇതിനോടകം മുടക്കുമുതലിൻെറ അമ്പത് ശതമാനത്തോളം നൽകിക്കഴിഞ്ഞു. നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന കമ്പനികൾക്ക് ആവുന്ന സഹായങ്ങൾ നൽകാൻ ബോർഡ് തയ്യാറാണ്.

നീര പ്ലാൻറുകൾക്ക് മൂലധന സഹായം നൽകാമെന്ന് സർക്കാർ വാഗ്ദാനമുള്ളതാണ്. അതിൻെറ നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലേക്ക് എത്തിക്കഴിഞ്ഞു. അതിൻെറ പേരിൽ കോർപ്പറേഷനുമായുള്ള ചില തെറ്റിദ്ധാരണകൾ അവസാനിപ്പിക്കാൻ പ്രത്യേക സമിതിയെ സർക്കാർ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

നീര ടാപ്പിങ്ങിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളി



കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി.) യുമായി സഹകരിച്ച് ലോൺ സൗകര്യങ്ങളും ബോർഡ് നൽകുന്നുണ്ട്.

### എവിടെ കിട്ടും ?

കൊച്ചിയിൽ എസ്.ആർ.വി. സ്കൂളിനടുത്തുള്ള നാളികേര വികസന ബോർഡിൻെറ ഔട്ട്‌ലെറ്റിലും വൈറ്റില മൊബിലിറ്റി ഹബ്ബിലും ഹൈക്കോടതി ജങ്ഷന് സമീപമുള്ള നീര ഔട്ട്‌ലെറ്റിലും നീര ഉത്പന്നങ്ങൾ ലഭിക്കും. എന്നാൽ, ഡിമാൻഡ് മൂലം ഉത്പന്നങ്ങളിൽ പലതും സ്റ്റോക്കില്ല. പാർട്ടികൾ, വിവാഹങ്ങൾ എന്നിവയ്ക്കായി ഓർഡറുകൾ സ്വീകരിക്കാനുള്ള സൗകര്യം വാഴക്കുളത്തെ സി.ഐ.ടി. യിലുണ്ട്. വെൽക്കം ഡ്രിങ്കുകൾ മാത്രമല്ല, നീരയുടെ ഏത് ഉത്പന്നവും ഓർഡർ നൽകാം.

## നീര ടെക്നീഷ്യനാവാം

നീര ടെക്നീഷ്യൻ ആവാൻ തെങ്ങ് ചെത്തിൽ (ടാപ്പിങ്) ഉള്ള മുൻപരിചയവും ഏഴാം ക്ലാസ് വിദ്യാഭ്യാസവും ആത്മധൈര്യവുമാണ് യോഗ്യതകൾ. തിരഞ്ഞെടുക്കപ്പെട്ട ടെക്നീഷ്യൻമാർക്ക് പരിശീലനം നൽകും. ഓരോ ഫെഡറേഷനിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അഞ്ചോ ആറോ പേർക്ക് വാഴക്കുളത്തെ സി.ഡി.ബി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (സി.ഐ.ടി) പരിശീലനം നൽകും. ഇവരാണ് പിന്നീട് സി.പി.എസ്സിലെ ടെക്നീഷ്യന്മാർക്ക് പരിശീലനം നൽകുന്നത്. പരിശീലനച്ചെലവിൻെറ ഒരു പങ്ക് ബോർഡും ബാക്കി അതത് കമ്പനികളുമാണ് വഹിക്കുന്നത്.

വളരെ വൃത്തിയായും സാങ്കേതികമായും ചെയ്യേണ്ടതാണ് നീര ടെക്നീഷ്യന്മാരുടെ ജോലി. അല്പം പരിശീലനമുണ്ടെങ്കിൽ കുറഞ്ഞത് ഇരുപതിനായിരം രൂപയെങ്കിലും ഒരു മാസം കരസ്ഥമാക്കാൻ പറ്റും. എന്നാൽ വേണ്ടത്ര ബോധവത്കരണമില്ലാത്തത് ഈ രംഗത്ത് കടുത്ത തൊഴിലാളിക്ഷാമം ഉണ്ടാക്കുന്നുണ്ടെന്ന് നാളികേര വികസന ബോർഡ് പബ്ലിസിറ്റി ഓഫീസർ മിനി മാത്യു പറഞ്ഞു. ഇപ്പോൾ ഛത്തീസ്ഗഢിൽ നിന്നും അസമിൽ നിന്നുമുള്ള തൊഴിലാളികളെയും ഉപയോഗിക്കുന്നു.

ട്രെയ്നിങ്ങിനെക്കുറിച്ചും നീര ഉത്പന്നങ്ങളുടെ നിർമാണങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾക്ക്: 9495569300, 9496822939.

## കർഷകനും ആദായം

നീര ഉത്പാദനം ശരിയായി നടക്കുന്ന ഒരു തെങ്ങിൽ നിന്ന് ഒരു മാസം മൂവായിരം രൂപ വരെ കർഷകന് ലഭിക്കും. കൊല്ലത്ത് ഒരു നീര കർഷകന് പതിനേഴ് തെങ്ങിൽ നിന്ന് ഒരുമാസം അമ്പത്തി എണ്ണായിരം രൂപ ലഭിച്ചത് ഏറെ ചർച്ചാവിഷയമായിരുന്നു.

ഒരു തെങ്ങിൽ നിന്ന് ലഭിക്കുന്ന നാളികേരം വിറ്റ് കിട്ടുന്ന വരുമാനത്തെക്കാൾ ഏറെയാണ് നീരയിലൂടെ ലഭിക്കുന്നതെന്ന് കണക്കുകൾ കാണിക്കുന്നു.



നീര ശർക്കരപാനി

## നീര ഉത്പന്നങ്ങൾ അനവധി

നീര പാനീയത്തിന് പുറമെ ഇരുപത്തി ആറോളം പലഹാരങ്ങളാണ് വാഴക്കുളത്തെ സി.ഐ.ടി.യിൽ വികസിപ്പിച്ചെടുത്തത്.

നീര ചോക്ലേറ്റ്, നീര കൂക്കീസ്, നീര കേക്ക്, നീര ഫ്രൂട്ട് ജാം, ബർഫി, ഹൽവ, ലഡു, ജാം, പുഡ്ഡിങ്, ഗുലാബ് ജാമുൻ, നീര ട്യൂട്ടി ഫ്രൂട്ടി എന്നിവയാണ് അതിൽ ചിലത്. കുട്ടികൾക്കായി നീര ബേബി ഡ്രിങ്കും ബ്രഡ്ഡിൽ ചേർത്ത് കഴിക്കാവുന്ന ബ്രെഡ് സ്പ്രെഡും ഉടൻ തന്നെ വിപണിയിലെത്തും.

### ഉത്പന്നങ്ങളുടെ വില

| | |
|---|---|
| നീര പാനീയം | -100 മി.ലി. -15 രൂപ മുതൽ 25 രൂപ വരെ (കമ്പനി അനുസരിച്ച് വ്യത്യാസം വരും) |
| നീര കേക്ക് | -1 കി.ഗ്രാം. -320 രൂപ |
| നീര കൂക്കീസ് | -ഒരെണ്ണം -10 രൂപ |
| നീര തേൻ | - 1 ലി. -500 രൂപ |
| നീര ശർക്കര | -1 കി.ഗ്രാം -500 രൂപ |
| നീര പഞ്ചസാര | -1 കി.ഗ്രാം -1,000 രൂപ |
| നീര സിറപ്പ് | -1ലി. -400 രൂപ |



വൈറ്റില മൊബിലിറ്റി ഹബ്ബിലെ നീര ഔട്ട്‌ലെറ്റ്




നീരയുടെ സി.ഐ.ടി. പ്ലാൻറ്

